" ഭരണഭാഷ മാതൃഭാഷ "

**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം.**

(സാന്നിദ്ധ്യം - ഡി.രാജീവ്, ഐ.ഓ.എഫ്.എസ്)

വിഷയം - എക്സൈസ് വകുപ്പ്- എക്സൈസ് ഭരണപരം - കോഴിക്കോട് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3-KKD തീയതി 19.10.2019.

2) 09.01.2021 ലെ 20/2021/നി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.

4) കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 21.04.2022 തീയതിയിലെ D8 /314/2022 നമ്പർ കത്ത്.

5) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- KKD തീയതി 23.04.2022

**ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- KKD തീയതി: 03.06.2022**

കോഴിക്കോട് ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനീയോരിറ്റി ലിസ്റ്റ് പരമാർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ ശ്രീ.സി.സന്തോഷ് കുമാർ മുതൽ പേർ സർക്കാരിനെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെയും സമീപിച്ചിരുന്നതും തുടർന്ന് പരമാർശം 2 പ്രകാരം സർക്കാർ KS&SSR ചട്ടം 27 പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പുനക്രമീകരിച്ച ലഭ്യമാക്കുവാൻ കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും, പരമാർശം 4 പ്രകാരം കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പ്രിവന്റീവ് ഓഫീസർമാരുടെ ലിസ്റ്റ് ലഭ്യമാക്കുകയും തുടർന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ചട്ടപ്രകാരം സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ സീനീയോരിറ്റി ലിസ്റ്റ് പരമാർശം 5 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) മാരായ ശ്രീ. നിഷിൽ കുമാർ.ടി.കെ, സി.സന്തോഷ് കുമാർ എന്നിവർ പരാതി സമർപ്പിക്കുകകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് ടിയാളുകളെ 18.05.2022-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) മാരായ ശ്രീ.നിഷിൽ കുമാർ.ടി.കെ, ശ്രീ.സി.സന്തോഷ് കുമാർ എന്നിവർ സമർപ്പിച്ച പരാതിയിൽ അനർഹമായി അന്തർ ജില്ലാ സ്ഥലം മാറ്റം കിട്ടി കോഴിക്കോട് ഡിവിഷനിൽ എക്സൈസ് ഗാഡുമാർക്ക് മുൻകാലങ്ങളിൽ നിയമനം ലഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത ജീവനക്കാരെ ഒഴിവാക്കി ടി ജീവനക്കാർക്ക് സ്ഥാനകയറ്റം കിട്ടിയ തീയതി പ്രാബല്യത്തിൽ പരാതിക്കാർക്കും അസൈൻമെന്റ് നൽകണം എന്ന് അപേക്ഷിക്കുകയുണ്ടായി.